# അദ്ധ്യായം – III
# തൊഴിലാളിക്ഷേമനിധി സെസ്സ് പിരിയ്ക്കലും അടയ്ക്കലും

സെസ്സ് പിരിച്ചെടുക്കുന്നതിൽ 1,319 കേസുകളിലായി നാലുവർഷം വരെ ഉണ്ടായ കാലതാമസം മൂലം ₹11.39 കോടി പലിശ ഇനത്തിൽ ഈടാക്കുന്നതിൽ തൊഴിൽ വകുപ്പ് വീഴ്ച വരുത്തുകയുണ്ടായി. ഇതിനു പുറമേ സെസ്സ് പിരിക്കാൻ അധികാരപ്പെട്ട സ്ഥാപനങ്ങൾ പിരിച്ചെടുത്ത ₹1.56 കോടി വരുന്ന സെസ്സ് തുക തെറ്റായി റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡിലേയ്ക്ക് (ആർഐഎബി) അടയ്ക്കുകയുണ്ടായി. ഇതിൽ ₹84.87 ലക്ഷം ഇനിയും ബോർഡിലേയ്ക്ക് തിരികെ കിട്ടാനുണ്ട്.

സംസ്ഥാനത്ത് തൊഴിൽ വകുപ്പ് സെസ്സ് പിരിക്കുന്നതിനായി നിർണ്ണയിച്ച 2,82,998 കെട്ടിടങ്ങളിൽ 1,26,446 (44.68 ശതമാനം) കെട്ടിടങ്ങളിൽ നിന്നു മാത്രമാണ് സെസ്സ് പിരിഞ്ഞു കിട്ടിയത്. ഇത് സെസ്സ് പിരിവിൽ ₹542.17 കോടിയുടെ (53.83 ശതമാനം) കുറവിനു കാരണമായി. തെരഞ്ഞെടുത്ത ജില്ലകളിൽ ജീവനക്കാരുടെ ശമ്പളം, തപാൽ ചെലവുകൾ എന്നീ ഇനങ്ങളിലായി തൊഴിൽ വകുപ്പിന് ₹1.66 കോടി കൊടുക്കുക വഴി ബോർഡ് ഒരു ശതമാനം ഭരണച്ചെലവിന്റെ പരിധി മറികടക്കുകയുണ്ടായി.

ഓഡിറ്റ് പരിശോധിച്ച കേരള ജല അതോറിറ്റിയുടെ അഞ്ച് പിഎച്ച് ഡിവിഷനുകളിൽ ₹48.52 ലക്ഷം വരുന്ന സെസ്സിനത്തിനുള്ള ചെക്കുകൾ / ഡി.ഡികൾ ബോർഡിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ടിരുന്നില്ല.

ബിഒസിഡബ്ല്യു (ആർഇസിഎസ്) നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതുപോലെ ഒരു തൊഴിൽദാതാവ്, ചെലവഴിക്കുന്ന നിർമ്മാണച്ചെലവിന്റെ രണ്ട് ശതമാനത്തിൽ കവിയാതെയും, എന്നാൽ ഒരു ശതമാനത്തിൽ കുറയാതെയുമുള്ള നിരക്കിൽ സെസ്സ് ചുമത്തുകയും, പിരിച്ചെടുക്കുകയും ചെയ്യണമെന്ന് വ്യവസ്ഥചെയ്യുന്നു. നിർമ്മാണ പ്രോജക്ട് പൂർത്തീകരിച്ച് 30 ദിവസത്തിനുള്ളിലോ, സെസ്സ് നിർണ്ണയിച്ച് 30 ദിവസത്തിനുള്ളിലോ (ഏതാണോ ആദ്യം അത്) തൊഴിൽദാതാവ് സെസ്സ് അടക്കേണ്ടതാണ്. കൂടാതെ, ജില്ലാ ലേബർ ഓഫീസർമാർ പുറപ്പെടുവിയ്ക്കുന്ന സെസ്സ് നിർണ്ണയ ഉത്തരവുകൾ പ്രകാരം സെസ്സ് നിർണ്ണയ നോട്ടീസ് കൈപ്പറ്റി 20 ദിവസത്തിനകം സെസ്സ് തുക ബോർഡിന്റെ പേരിൽ ഡി.ഡി അഥവാ ചെക്കായി അയയ്ക്കേണ്ടതാണ്.

മേൽ നിയമത്തിന്റെ 2-ാം വകുപ്പ് അനുസരിച്ച് തദ്ദേശ സ്ഥാപനവും സംസ്ഥാന സർക്കാരും പിരിച്ചെടുക്കുന്ന സെസ്സ് തുകയുടെ ഒരു ശതമാനത്തിൽ കവിയാതെയുള്ള തുക, പിരിവു ചെലവായി മൊത്തം തുകയിൽ നിന്നു കുറവ് ചെയ്ത ശേഷം ബാക്കി തുക ബോർഡിനു നൽകേണ്ടതാണ്. സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും വർക്ക് ബില്ലുകളിൽ നിന്നും സെസ്സ് കുറയ്ക്കുകയും അവ ബോർഡിലേയ്ക്ക് അടയ്ക്കുകയും ചെയ്യുന്നു.

## 3.1. സെസ്സ് അടയ്ക്കുന്നതിലെ കാലതാമസത്തിന് പിഴപ്പലിശ ഈടാക്കാത്തത്

സെസ്സ് നിയമത്തിന്റെ 8-ാം വകുപ്പ് പ്രകാരം സെസ്സ് അടയ്ക്കുന്നതിൽ കാലതാമസം വരുത്തുന്ന തൊഴിൽ ദാതാക്കൾ സെസ്സ് തുകയുടെ രണ്ട് ശതമാനം പ്രതിമാസനിരക്കിൽ പലിശ അടയ്ക്കാൻ ബാധ്യസ്ഥരാണ്. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ എൽസിഎഎസ് ഡാറ്റാ വിശകലനം ചെയ്തപ്പോൾ 1,319 കേസുകളിൽ സെസ്സ് അടയ്ക്കുന്നതിലെ കാലതാമസത്തിന് തൊഴിൽ വകുപ്പ് പലിശ ഈടാക്കിയിട്ടില്ലെന്ന് കണ്ടു[13]. പലിശ ഈടാക്കാൻ തക്കവണ്ണം സെസ്സ് അടയ്ക്കുന്നതിൽ കാലതാമസം വരുത്തിയതിന്റെ കാലയളവ്, ഒരു മാസത്തിൽ താഴെ മുതൽ നാലുവർഷത്തിലേറെ വരെ ആയിരുന്നു, വിശദാംശങ്ങൾ **പട്ടിക 3.1**-ൽ കാണിച്ചിരിക്കുന്നു.

[13] നിർമ്മാണ പ്രോജക്ടിന്റെ പൂർത്തീകരണ തീയതി ലഭ്യമാക്കാത്തതിനാൽ സെസ്സ് നിർണ്ണയ നോട്ടീസിന്റെ തീയതിക്കു ശേഷം 20 ദിവസം മുതലാണ് കാലതാമസം കണക്കാക്കിയത്.

**പട്ടിക 3.1 : സെസ്സ് അടയ്ക്കുന്നതിലെ കാലതാമസവും ഈടാക്കേണ്ടിയിരുന്ന പലിശ തുകയും**

| കാലതാമസം | സെസ്സ് നിർണ്ണയ കേസുകളുടെ എണ്ണം | ഈടാക്കേണ്ട പലിശ* (₹ കോടിയിൽ) |
|---|---|---|
| ഒന്ന് മുതൽ 30 ദിവസം വരെ | 346 | 4.34 |
| 31 മുതൽ 90 ദിവസം വരെ | 291 | 1.27 |
| 91 മുതൽ 365 ദിവസം വരെ | 381 | 3.62 |
| ഒരു വർഷം മുതൽ രണ്ട് വർഷം വരെ | 172 | 0.57 |
| രണ്ട് വർഷം മുതൽ നാല് വർഷം വരെ | 127 | 1.59 |
| നാല് വർഷത്തിനു മുകളിൽ | 2 | 0.0035 |
| **ആകെ** | **1,319** | **11.39** |

* 2023 *ഒക്ടോബറിലെ നില അനുസരിച്ച്*

*(ഉറവിടം: എൽസിഎഎസിൽ നിന്നുള്ള ഡാറ്റയും ബോർഡിലെ സെസ്സ് അടയ്ക്കൽ വിശദാംശങ്ങളും)*

സെസ്സ് അടയ്ക്കുന്നതിനുള്ള നോട്ടീസ് നൽകിയപ്പോൾ 8-ാം വകുപ്പ് പ്രകാരമുള്ള പിഴ ഒടുക്കുന്നതിനെക്കുറിച്ച് അതിൽ പ്രസ്താവിച്ചിട്ടില്ലായിരുന്നു എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. സെസ്സ് അടയ്ക്കാൻ കാലതാമസം വരുത്തിയതിന്റെ പിഴപ്പലിശ ഈടാക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം ബോർഡിന് ₹11.39 കോടിയുടെ നഷ്ടമുണ്ടായി.

തവണ വ്യവസ്ഥയിൽ സെസ്സ് അടയ്ക്കുന്നതിന് അനുവാദം ചോദിച്ച് ബന്ധപ്പെട്ട കക്ഷികൾ സർക്കാരിനെ സമീപിക്കുന്നതായി തൊഴിൽ വകുപ്പ് അറിയിച്ചു(2022 ഒക്ടോബർ). കൂടാതെ അദാലത്ത്[14] നടക്കുന്ന വേളയിൽ സെസ്സിൽ ചില ഇളവുകൾ സർക്കാർ അനുവദിച്ചു. അതിൽ വാസയോഗ്യമായ കെട്ടിടങ്ങൾക്ക് പിഴ മുഴുവനായും വാണിജ്യ കെട്ടിടങ്ങൾക്ക് 50 ശതമാനവും ഇളവ് നൽകാൻ തീരുമാനമായി. നിയമത്തിന്റെയും ചട്ടത്തിന്റെയും ഭേദഗതി ഒന്നുകിൽ പാർലമെന്റിലോ അല്ലെങ്കിൽ സംസ്ഥാന നിയമസഭയിലോ ചെയ്യേണ്ടതിനാൽ ഈ മറുപടി സാധൂകരിക്കത്തക്കതല്ല. നിയമ ഭേദഗതി കൂടാതെ സെസ്സ് ഇളവ് ചെയ്യുന്നതിനുള്ള സർക്കാർ ഉത്തരവുകൾ നിലനിൽക്കത്തക്കതല്ല. 2024 സെപ്റ്റംബർ വരെ സർക്കാർ ഇക്കാര്യത്തിൽ മറുപടിയൊന്നും നൽകിയിട്ടില്ല.

## 3.2. തെറ്റായി അടച്ച സെസ്സ് തുക തിരികെ ലഭിക്കാത്തത്

സെസ്സ് ചട്ടങ്ങൾ 4(3) പ്രകാരം നിർമ്മാണപ്രവൃത്തികൾക്ക് നൽകുന്ന ബിൽ തുകകളിൽ നിന്ന് വിജ്ഞാപനം ചെയ്യപ്പെട്ട നിരക്കുകളിൽ സർക്കാർ/ പൊതുമേഖലാസ്ഥാപനങ്ങൾ സെസ്സ് ഈടാക്കുകയോ സെസ്സ് പിരിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യണം. അങ്ങനെ ഈടാക്കുന്ന തുകകൾ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ ബോർഡിന് കൈമാറണമെന്ന് ചട്ടം അഞ്ച് വ്യവസ്ഥ ചെയ്യുന്നു. റീസ്ട്രക്ചറിംഗ് ആന്റ് ഇന്റേർണൽ ഓഡിറ്റ് ബോർഡ് (ആർഐഎബി)[15]-ന്റെ ഓഡിറ്റിനിടെ സെസ്സ് പിരിക്കാൻ അധികാരപ്പെട്ട സ്ഥാപനങ്ങൾ 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിലെ ₹1.56 കോടി വരുന്ന സെസ്സ് തുക, ബോർഡിന്റെ തനത് അക്കൗണ്ടിൽ അടയ്ക്കാതെ ആർഐഎബിയുടെ സ്പെഷ്യൽ റ്റിഎസ്ബി അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തു. ആ ₹1.56 കോടി പലിശ സഹിതം ബോർഡിന്റെ തനത് അക്കൗണ്ടിൽ തിരിച്ച് ക്രെഡിറ്റ് ചെയ്യാൻ ആർഐഎബിക്ക് നിർദ്ദേശം നൽകണമെന്ന് ബോർഡ് സെക്രട്ടറി, തൊഴിൽ വകുപ്പ് സെക്രട്ടറിയോടും, ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയോടും അഭ്യർത്ഥിക്കുകയുണ്ടായി (2022 മേയ്). സെസ്സ് അടയ്ക്കുന്നതിന്റെ വിശദാംശങ്ങൾ നിരീക്ഷിയ്ക്കാനോ, പരിശോധിയ്ക്കാനോ മതിയായ സംവിധാനങ്ങൾ ഇല്ലാതിരിക്കെ ബോർഡിലേക്ക് ലഭിക്കാനുള്ള തുകയിൽ കുറവ് വരാനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല.

---

[14] അദാലത്ത് കാലയളവ് 2022 ഡിസംബർ 31 വരെ നീട്ടിയിരുന്നു

[15] വ്യവസായ വകുപ്പിനു കീഴിലുള്ള ഒരു പൊതു മേഖലാ സ്ഥാപനം

ബോർഡിന്റെ അക്കൗണ്ടിലേക്ക് ₹71.18 ലക്ഷം തിരിച്ചടച്ചതായി സർക്കാർ മറുപടി നൽകി (2022 ഡിസംബർ). എന്നിരുന്നാലും, ബാക്കി തുകയായ ₹84.87 ലക്ഷവും പലിശയും തിരിച്ചു നൽകാതെ ആർഐഎബിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു.

## 3.3. അനുവദനീയ പരിധിയിൽ കവിഞ്ഞുള്ള തുക അടയ്ക്കൽ

സംസ്ഥാന സർക്കാർ വകുപ്പുകൾ, സ്വയംഭരണസ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള സെസ്സ് പിരിയ്ക്കുന്ന അധികാര സ്ഥാപനങ്ങൾ സെസ്സ് നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം ഭരണച്ചെലവുകളുടെ പേരിൽ ഒരു ശതമാനം സെസ്സ് തുക ഈടാക്കിയ ശേഷം ബാക്കി തുക ബോർഡിൽ അടയ്ക്കുന്നു. ഓഡിറ്റ് കാലയളവിൽ ജില്ലാ ലേബർ ഓഫീസുകളിൽ ജോലി ക്രമീകരണത്തിന്റെ ഭാഗമായി നിയുക്തരായ ബോർഡ് ജീവനക്കാരുടെ ശമ്പളവും, തപാൽ ചെലവുകളും ഉൾപ്പെടെയുള്ള തുക തൊഴിൽ വകുപ്പ് റീ-ഇംബേഴ്സ്മെന്റായി ഈടാക്കി. എന്നാൽ, സെസ്സ് തുകയിൽ നിന്നും ഈടാക്കിയ അനുവദനീയമായ ഒരു ശതമാനം പരിധിയ്ക്കും മേലെയാണ് ഇങ്ങനെ തുക ക്ലെയിം ചെയ്തിരിക്കുന്നത് എന്ന് ഓഡിറ്റ് കണ്ടെത്തി. 2018-2023 ഓഡിറ്റ് കാലയളവിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ജീവനക്കാരുടെ ശമ്പളവും തപാൽ ചെലവുകളും എന്ന നിലയിൽ ബോർഡ് തൊഴിൽ വകുപ്പിന് ₹1.66 കോടി[16] ഒരു ശതമാനം പരിധി കവിഞ്ഞു ക്രമരഹിതമായി നൽകുകയുണ്ടായി.

സംസ്ഥാനത്ത് 2021 നവംബർ ഒന്നിന് അദാലത്ത് ആരംഭിച്ചപ്പോൾ, തപാൽ സ്റ്റാമ്പുകൾ, നോട്ടീസ് പ്രിന്റിംഗ്, അച്ചടി കടലാസ്, തുടങ്ങിയവ അധികമായി വേണ്ടി വന്നതിനാൽ ഓഫീസ് ചെലവുകൾ വർദ്ധിച്ചതായി ലേബർ കമ്മീഷണർ മറുപടി നൽകി (2024 ജൂൺ). എന്നാൽ, നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിക്കുന്ന തരത്തിൽ അനുവദനീയ പരിധി കവിഞ്ഞ് ചെലവാക്കുന്ന ഏത് തുകയും ക്രമരഹിതമായതിനാൽ ഈ മറുപടി സ്വീകാര്യമല്ല.

## 3.4. സെസ്സ് പിരിവിലെ കുറവ്

സെസ്സ് നിർണ്ണയ ഓഫീസർ തന്റെ അധികാര പരിധിയിലുള്ള കെട്ടിട നിർമ്മാണങ്ങളുടെ വിശദാംശങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കുന്നുവെന്നും അവയുടെ സെസ്സ്[17] പിരിയ്ക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കുന്നുവെന്നും ജില്ലാ ലേബർ ഓഫീസർ ഉറപ്പാക്കണം. തൊഴിൽ വകുപ്പ് നൽകിയ വിവരങ്ങൾ അനുസരിച്ച് സെസ്സ് നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെയും, പിരിച്ചെടുത്ത സെസ്സിന്റെയും ഇനി പിരിഞ്ഞു കിട്ടാനുള്ള സെസ്സിന്റെയും വിശദാംശങ്ങൾ **പട്ടിക 3.2**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.2 : തൊഴിൽ വകുപ്പ് സെസ്സ് നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെയും, പിരിച്ചെടുത്ത സെസ്സിന്റെയും, ഇനി പിരിഞ്ഞു കിട്ടാനുള്ള സെസ്സിന്റെയും 2018-23 വരെയുള്ള വിശദാംശങ്ങൾ**

| വർഷം | സെസ്സ് നിർണ്ണയിച്ച കെട്ടിടങ്ങൾ | | പിരിച്ചെടുത്ത സെസ്സ് | | പിരിഞ്ഞു കിട്ടാനുള്ള തുക | |
|---|---|---|---|---|---|---|
| | എണ്ണം | തുക (₹ കോടിയിൽ) | എണ്ണം | തുക (₹ കോടിയിൽ) | എണ്ണം | തുക (₹ കോടിയിൽ) |
| 2018-19 | 54,857 | 194.92 | 23,008 | 89.20 | 31,849 | 105.72 |
| 2019-20 | 70,181 | 285.66 | 6,722 | 95.99 | 63,459 | 189.67 |
| 2020-21 | 11,965 | 87.30 | 8,531 | 31.77 | 3,434 | 55.53 |
| 2021-22 | 35,098 | 167.68 | 27,655 | 99.41 | 7,443 | 68.28 |
| 2022-23 | 1,10,897 | 271.62 | 60530 | 148.65 | 50,367 | 122.97 |
| **ആകെ** | **2,82,998** | **1,007.18** | **1,26,446** | **465.02** | **1,56,552** | **542.17** |

*(ഉറവിടം : തൊഴിൽ വകുപ്പിൽ നിന്നു ലഭിച്ച വിവരങ്ങൾ)*

[16] ശമ്പള ഇനത്തിൽ ₹1.35 കോടിയും തപാൽ ചെലവ് ഇനത്തിൽ ₹0.31 കോടിയും

[17] ലേബർ കമ്മീഷണർ പുറപ്പെടുവിച്ച 2020 ഒക്ടോബർ 12-ലെ സർക്കുലർ നം. 06/2020

തൊഴിൽ വകുപ്പ് സെസ്സ് പിരിയ്ക്കാൻ നിർണ്ണയിച്ച 2,82,998 കെട്ടിടങ്ങളിൽ 1,26,446 കെട്ടിടങ്ങളുടെ (44.68 ശതമാനം) സെസ്സ് മാത്രമേ പിരിച്ചെടുത്തുള്ളു എന്നും ഇത് സെസ്സ് തുകയിൽ ₹542.17 കോടിയുടെ (53.83 ശതമാനം) കുറവ് വരുത്തിയെന്നും മുകളിൽ കാണിച്ചിരിക്കുന്ന പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

കൂടാതെ, സ്വകാര്യകെട്ടിട നിർമ്മാണങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യുകയോ, തൊഴിൽ വകുപ്പിന് റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തില്ല, ഇത് സെസ്സ് നിർണ്ണയിക്കുന്നതിന്റെയും പിരിച്ചെടുക്കുന്നതിന്റെയും കുറവിനു കാരണമാകുന്നു. അതിനാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പുതിയ നിർമ്മിതികളുടെ വിവരങ്ങൾ ശേഖരിച്ച് ഒരു സമഗ്ര ഡാറ്റാബേസ് നിർമ്മിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്താനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

സെസ്സ് പിരിയ്ക്കാനുള്ള ഉത്തരവാദിത്വം 2024 ജനുവരി മുതൽ തൊഴിൽ വകുപ്പിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചെന്ന് സർക്കാർ പ്രസ്താവിച്ചു (2024 ജൂലൈ). ഇതു സംബന്ധിച്ച് 2020 ഒക്ടോബറിൽ തന്നെ ലേബർ കമ്മീഷണർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നെങ്കിലും ജില്ലാ ലേബർ ഓഫീസർമാർ താലൂക്കാഫീസുകളിൽ നിന്ന് അടിസ്ഥാന ഡാറ്റ ശേഖരിക്കുന്നത് തുടർന്നു. ഇത് സെസ്സ് നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കപ്പെടാൻ പല കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്കും അവസരം ഒരുക്കുകയും സെസ്സ് പിരിവിൽ കാര്യമായ കുറവ് ഉണ്ടാകാനിടയാക്കുകയും ചെയ്തുവെന്നും ഓഡിറ്റ് കണ്ടെത്തി.

***ശിപാർശ 4 : സെസ്സ് മൂല്യനിർണ്ണയങ്ങൾ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ശക്തമായ ഒരു സംവിധാനം വികസിപ്പിച്ചെടുക്കാനും, സെസ്സ് കൃത്യമായി പിരിച്ചെടുക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകേണ്ടതാണ്.***

## 3.5. ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് തുകയുള്ള ചെക്കുകൾ/ഡി.ഡികൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്തത്

സർക്കാർ പ്രവൃത്തികളുടെ കാര്യത്തിൽ വർക്ക് ബില്ലുകളിലെ മൊത്തം തുകയുടെ ഒരു ശതമാനം നിരക്കിൽ സെസ്സ് പിരിച്ചെടുക്കുന്നു. അങ്ങനെ കുറവു ചെയ്യുന്ന തുക ചെക്കുകൾ/ഡി.ഡികൾ മുഖേന ബോർഡിലേയ്ക്ക് അയയ്ക്കുകയോ, ട്രഷറിയിൽ നിലനിർത്തുന്ന ബോർഡ് അക്കൗണ്ടിലേയ്ക്ക് മാറ്റുകയോ ചെയ്യുന്നു.

തെരഞ്ഞെടുക്കപ്പെട്ട മൂന്ന് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും, ജല അതോറിറ്റി, പിഡബ്ല്യൂഡി എന്നിവയിലെ ആറ് ഓഫീസുകളിലെ വീതവും വർക്ക് ബില്ലുകളിൽ നിന്നും സെസ്സ് കിഴിവുകളുടെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. പരിശോധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പിഡബ്ല്യൂഡി ഓഫീസുകളിലും കിഴിവ് ചെയ്യുന്ന സെസ്സ് തുക ട്രഷറികളിൽ അടവാക്കിയിരുന്നു. ജല അതോറിറ്റി ഓഫീസുകളിൽ വർക്ക് ബില്ലുകളിൽ നിന്ന് സെസ്സ് തുക കുറച്ചു ചെക്കുകൾ/ഡി.ഡികളായി മാറ്റി ബോർഡിലേക്ക് അയച്ചു കൊടുത്തു. ബോർഡ് ഇവ ഈ ആവശ്യത്തിനായി സൃഷ്ടിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു.

ആറ് ജല അതോറിറ്റി ഓഫീസുകളിൽ തയ്യാറാക്കിയ ചെക്കുകളും ഡി.ഡികളും ബോർഡ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുകയും തമ്മിൽ ഓഡിറ്റ് താരതമ്യം ചെയ്തു. അഞ്ച് ഓഫീസുകളിൽ ഓഡിറ്റ് കാലയളവിൽ തയ്യാറാക്കിയ ചെക്കുകളുടെയും ഡിഡികളുടെയും താഴെ പറയുന്ന പ്രകാരമുള്ള തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നില്ല എന്ന് ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ **പട്ടിക 3.3-ൽ** കൊടുത്തിരിക്കുന്നു.

**പട്ടിക 3.3 : തെരഞ്ഞെടുക്കപ്പെട്ട ജല അതോറിറ്റി ഓഫീസുകളിൽ തയ്യാറാക്കിയതും എന്നാൽ ബോർഡിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്തതുമായ ചെക്കുകളുടെയും ഡിഡികളുടെയും വിശദാംശങ്ങൾ**

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | ജല അതോറിറ്റി തയ്യാറാക്കിയ ചെക്കുകൾ / ഡി.ഡികളുടെ എണ്ണം | മൊത്തം തുക (₹ ലക്ഷത്തിൽ) | ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്ത ചെക്കുകൾ / ഡി.ഡികളുടെ എണ്ണം | ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്ത തുക (₹ ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1. | പ്രോജക്റ്റ് ഡിവിഷൻ, പെരുമ്പാവൂർ | 56 | 20.87 | 1 | 3.81 |
| 2. | പിഎച്ച് ഡിവിഷൻ, കോഴിക്കോട് | 33 | 96.52 | 1 | 0.35 |
| 3. | പിഎച്ച് ഡിവിഷൻ, എടപ്പാൾ | 136 | 50.52 | 14 | 27.58 |
| 4. | പ്രോജക്റ്റ് ഡിവിഷൻ, എറണാകുളം | 123 | 69.62 | 2 | 0.23 |
| 5. | പിഎച്ച് ഡിവിഷൻ, മലപ്പുറം | 214 | 76.18 | 75 | 46.70 |
| **ആകെ** | | **562** | **313.71** | **93** | **78.67** |

*(ഉറവിടം : ബോർഡ്, ജല അതോറിറ്റി ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നു ലഭിച്ച വിവരങ്ങൾ)*

പിരിച്ചെടുത്ത സെസ്സിന്റെ തുക സംബന്ധിച്ച് ജല അതോറിറ്റി ബോർഡിനെ ഒന്നും തന്നെ അറിയിക്കുകയോ, ബോർഡ് ജല അതോറിറ്റിയിൽ നിന്നും അത്തരം വിവരങ്ങൾ ആരായുകയോ ചെയ്യാതിരുന്ന സാഹചര്യത്തിൽ ജല അതോറിറ്റി പിരിച്ചെടുത്ത മൊത്തം തുകയും ബോർഡിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടു എന്നുറപ്പാക്കാനുള്ള യാതൊരു പരിശോധനയും ഇല്ലായിരുന്നു[18]. ഇത് വരുമാന ചോർച്ചയുടെ സാധ്യതയിലേയ്ക്ക് നയിക്കത്തക്കവണ്ണമുള്ള ബോർഡിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അപര്യാപ്തതയുടെ സൂചകമാണ്.

104 ചെക്കുകൾ/ഡി.ഡികളിൽ (₹80.19 ലക്ഷം), 19 ചെക്കുകൾ/ഡി.ഡികൾ (₹31.67 ലക്ഷം) കണ്ടെത്തിയതായും ബോർഡിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതായും കേരള സർക്കാർ മറുപടി നൽകി (2022 ഡിസംബർ). കൂടാതെ, സമഗ്രമായ ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നുണ്ടെന്നും ഇത് പൂർത്തീകരിക്കുമ്പോൾ ഇത് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്നും സർക്കാർ അറിയിച്ചു. എന്നാൽ, ബോർഡിൽ നിന്നു കിട്ടിയ മറുപടിയിൽ ₹48.52 ലക്ഷം വരുന്ന ബാക്കി ചെക്കുകൾ/ഡി.ഡികളുടെ കാര്യത്തിൽ വിശദീകരണം ഉൾപ്പെടുത്തിയിരുന്നില്ല.

സെസ്സ് പിരിവ് സുഗമമാക്കാനുള്ള സോഫ്റ്റ്‌വെയറിന്റെ അഭാവം, ചെക്കുകൾ/ ഡി.ഡികളുടെ തുക ക്രെഡിറ്റ് ചെയ്തതു സംബന്ധിച്ചുള്ള ശരിയായ അവസ്ഥ വിലയിരുത്താൻ തടസ്സമായെന്നും, ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയർ പൂർണ്ണമായും വികസിപ്പിക്കുമ്പോൾ അത്തരം പ്രതിബന്ധങ്ങളെല്ലാം തരണം ചെയ്യപ്പെടുമെന്നും സർക്കാർ പറയുകയുണ്ടായി (2024 ആഗസ്റ്റ്).

***ശിപാർശ 5 : വരുമാനത്തിന്റെ ചോർച്ച തടയുന്നതിനും, സാധ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നും സെസ്സ് സാക്ഷാത്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും ബോർഡിന്റെ ആന്തരിക നിയന്ത്രണസംവിധാനം ശക്തിപ്പെടുത്താൻ സർക്കാർ നിർദ്ദേശിക്കണം.***

## 3.6. ഉപസംഹാരം

1,319 കേസുകളിൽ സെസ്സ് പിരിവ് കാലതാമസപ്പെട്ടതിനാൽ ₹11.39 കോടി വരുന്ന പലിശ ഈടാക്കാൻ കഴിഞ്ഞില്ല. മറ്റ് അക്കൗണ്ടുകളിലേയ്ക്ക് തെറ്റായി ക്രെഡിറ്റ് ചെയ്യപ്പെടുകയും അതിനുശേഷം ബോർഡിലേയ്ക്ക് തിരികെ കൈമാറ്റം ചെയ്യേണ്ടി വരുകയും ചെയ്ത സെസ്സ് തുകകളും ഉണ്ടായിരുന്നു. സംസ്ഥാന തൊഴിൽ വകുപ്പ് സെസ്സ് നിർണ്ണയത്തിനായി വിലയിരുത്തിയ 2,82,998 കെട്ടിടങ്ങളിൽ 1,26,446 കെട്ടിടങ്ങളിൽ നിന്നും മാത്രമാണ്

[18] ചെക്കുകൾ/ഡി.ഡികൾ ക്രെഡിറ്റ് ചെയ്യുന്നതിന് ബോർഡിന് നാല് ബാങ്ക് അക്കൗണ്ടുകളുണ്ട് (2022 ഒക്ടോബർ)

സെസ്സ് പിരിച്ചെടുത്തിരുന്നത്. ശമ്പളം, തപാൽ ചെലവുകൾ എന്നീ ഇനങ്ങളിൽ കൂടുതൽ തുകകൾ ചെലവഴിക്കേണ്ടി വന്നതിനാൽ ബോർഡ് അനുവദനീയ പരിധി കടക്കുകയും ചെയ്തു.